133 (1351) "പന്നിയാർ പുഴയ്ക്ക് കുറുകെ പാലം പണി"

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ രാജാക്കാട് കൊന്നത്തടി-വെള്ളത്തൂവൽ പഞ്ചായത്തുകളുടെ അതിർത്തിയിൽ വരുന്ന പന്നിയാർ പുഴയ്ക്ക് കുറുകെ ഏതെല്ലാം സ്ഥലത്ത് പാലം പണിയുന്നതിനാണ് മന്ത്രി ശിലാസ്ഥാപനം നിർവ്വഹിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ശിലാസ്ഥാപന ദിവസം പൊതുമരാമത്തിന്റെ രണ്ട് പണികൾക്കു കൂടി മന്ത്രി ശിലാസ്ഥാപനം നടത്തിയത് ഏതെല്ലാം; പ്രസ്തുത പണികൾ ഓരോന്നിന്റെയും അടങ്കൽ തുക, വർക്കിന്റെ സ്വഭാവം ഇവ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വർക്കിൽ കൊളത്രക്കുഴി പാലം ഏത് പി.ഡ്ബ്ല്യു.ഡി. റോഡിൽ വരുന്നതാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാലം നിർമ്മിക്കുന്ന റോഡ് എന്നാണ് സർക്കാർ ഏറ്റെടുത്തത്;

(ഇ) ശിലാസ്ഥാപനം നടത്തിയ രണ്ട് വർക്കുകൾക്കും ബഡ്ജറ്റിൽ എത്ര രൂപ വീതം അന്ന് വകകൊള്ളിച്ചിരുന്നു;

(എഫ്) പ്രസ്തുത പാലത്തിന് തൊട്ടടുത്തായി ഗതാഗതയോഗ്യമായ മറ്റ് എത്ര പാലങ്ങൾ (ഡാം ടോപ്പ് ഉൾപ്പെടെ) ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത വർക്കുകൾക്ക് ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) പ്രസ്തുത പഞ്ചായത്തുകളുടെ അതിർത്തിയിൽ രണ്ട് റോഡുകളുടെ പണിയ്ക്ക് മാത്രമേ മന്ത്രി ശിലാസ്ഥാപനം നടത്തിയിട്ടുള്ളൂ. ഇതിൽ ഒരു പാലവും ചപ്പാത്തും ഉൾപ്പെടുന്നു. ശിലാസ്ഥാപനം നടത്തിയ റോഡുകൾ താഴെ പറയുന്നു.

1. രാജാക്കാട്-പൊൻമുടി റോഡ്-കുളത്തറ വഴി (2.66 കി.മീ.) ഇതിന്റെ അടങ്കൽ തുക 59 ലക്ഷം രൂപയാണ്. നിലവിലുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തുക എന്നതാണ് ജോലിയുടെ സ്വഭാവം.

2. രാജാക്കാട്-പൊൻമുടി റോഡ് തൂക്കുപാലം വഴി (2.200 കി.മീ.) അടങ്കൽ തുക 32 ലക്ഷം രൂപ. നിലവിലുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തുകയാണ് വർക്കിന്റെ സ്വഭാവം.

(സി) പ്രസ്തുത കുളത്തറക്കുഴി പാലം രാജാക്കാട്-പൊൻമുടി റോഡിലാണ് വരുന്നത്.

(ഡി) 23.12.97-ലെ സർക്കാർ ഉത്തരവ് പ്രകാരം.

(ഇ) പ്രസ്തുത പണികൾക്ക് 5 ലക്ഷം രൂപ വീതം ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു.

(എഫ്) കുളത്തറക്കുഴി പാലത്തിനരുകിൽ ഡാം ടോപ്പ് ഒഴികെ മറ്റ് പാലങ്ങളൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) രാജാക്കാട്-പൊൻമുടി റോഡിന്റെ കുളത്തറ വഴിയുള്ള ഭാഗത്തിന് ഫ്രീ സറണ്ടർ ലഭിച്ചു. തൂക്കുപാലം വഴിയുള്ള ഭാഗത്തിന് കെ.എസ്. ഇ.ബി.യിൽ നിന്നും സ്ഥലം വിട്ടുകിട്ടിയിട്ടുണ്ട്.

134 (1352) വരാപ്പുഴ പാലം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 17-ലെ വരാപ്പുഴ പാലത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാലം എന്നത്തേയ്ക്ക് പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വരാപ്പുഴ പാലത്തിന്റെ നിർമ്മാണം 70% പൂർത്തിയായി.

(ബി) ഈ പാലം രണ്ടായിരാമാണ്ടിൽ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

135 (1353) നെടുങ്ങാട്-നായരംബലം പാലം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണിപൂർത്തിയാക്കുന്നതിനുള്ള 40 ശതമാനം ചെലവ് നായരംബലം പഞ്ചായത്തും 60 ശതമാനം ചെലവ് സർക്കാർ വിഹിതമായി അംഗീകരിച്ച് പണി നടന്നുകൊണ്ടിരിക്കുന്ന പി.ഡബ്ല്യു.ഡി. എറണാകുളം ഡിവിഷന്റെ കീഴിലുള്ള നെടുങ്ങാട്-നായരംബലം പാലത്തിന്റെ പഞ്ചായത്ത് വിഹിതം അടച്ചിട്ടും ആനുപാതികമായ സർക്കാർ വിഹിതം നൽകാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പാർട്ട് ബിൽ പാസ്സാക്കി നൽകുന്നതിനും പണി തുടർന്ന് നടത്തികൊണ്ടു പോകുന്നതിനും ആവശ്യമായ മെറ്റീരിയൽസ് വാങ്ങുന്നതിനും ആനുപാതികമായ തുക നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) പ്രസ്തുത പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിനാവശ്യമായ 40% തുക മുഴുവനായി പഞ്ചായത്ത് നൽകിയിട്ടില്ല. ലഭിച്ച തുകയുടെ ബിൽ തുക കരാറുകാരന് നൽകിയിട്ടുമുണ്ട്. എന്നാൽ ഈ പാലം വില്ലേജ് റോഡ് വിഭാഗത്തിലായതിനാൽ ഈ പണിക്കാവശ്യമായ 60% തുക ബഡ്ജറ്റിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പണി സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയുകയുള്ളൂ.

136 (1354) "മാല്യങ്കര-മുനമ്പം പാലം പണി"

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly